File No.FWLD-A1/68/2019-FWLD

23468
24/12/19

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

ചാലക്കുടി ഡിവിഷൻ - പാലപ്പിള്ളി റെയിഞ്ച്, ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിരുത്തരവാദപരമായി പെരുമാറിയത് - അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.284/2019/വനം തിരുവനന്തപുരം, തീയതി, 26/07/2019

---

പരാമർശം:- (1) 06.02.2018, 08.02.2019 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ ബി4-51213/17 നമ്പർ കത്തുകൾ

(2) 10.05.2018-ലെ FWLD-A1/52/18-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(3) 22.06.2018 തീയതിയായി ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക

## ഉത്തരവ്

പാലപ്പിള്ളി റെയിഞ്ച് ഓഫീസറായിരുന്ന ശ്രീ.പി.അബ്ദുൾ ജലീൽ വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെയും കൃത്യനിഷ്ഠയോടെയും നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ ടിയാൻ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ നിരുത്തരവാദപരമായ സമീപനമാണ് പുലർത്തിയിരുന്നതെന്നും കൂടാതെ ഫോറസ്റ്റ് കോഡ് വാല്യം I ലെ 3.3.10 ലെ ഖണ്ഡിക പ്രകാരം റെയിഞ്ചിന്റെ മുഖ്യസംരക്ഷണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായ ജോലികളിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയതായും കണ്ടെത്തി. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1)-ലെ 06.02.2018-ലെ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) മേൽ ശുപാർശ അംഗീകരിച്ച് ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും

പരാമർശം (2) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3) കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക അംഗീകരിക്കാവുന്നതല്ലായെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർ ശം (1)-ലെ 08.02.2019-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

4) മേൽ റിപ്പോർട്ടുകൾ പരിശോധിക്കുകയും ടിയാനെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ച് അറിയിക്കുകയുമുണ്ടായി. എന്നാൽ രണ്ടുതവണ അവസരം നൽകിയിട്ടും ടിയാൻ ഹാജരാകുകയോ ആയതിന് സമാധാനം ബോധിപ്പിക്കുകയോ, ഫോൺ മുഖേന വിളിച്ചിട്ടും ആയത് അറ്റന്റ് ചെയ്യുകയോ ചെയ്തില്ല. ഇനിയുമൊരു അവസരം നൽകുന്നതിനർത്ഥമില്ലായെന്നതിനാൽ ഔപചാരികാന്വേഷണം നടത്തുന്നതിനും അന്വേഷണാധികാരിയായി കാലടി നാച്വർ സ്റ്റഡി സെന്റർ ACF ശ്രീ. എ. ജയമാധവനെയും പ്രസന്റിംഗ് ഓഫീസറായി പാലപ്പിള്ളി റെയിഞ്ച് ഓഫീസറായ ശ്രീ.കെ.പി. പ്രേംശങ്കറിനെയും നിയമിച്ചും ഉത്തരവാകുന്നു.

5) അന്വേഷണാധികാരി കർശനമായും 3 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അന്വേഷണ ഉദ്യോഗസ്ഥർ മറ്റു ജോലികളിൽ വ്യാപൃതരാണെങ്കിൽ/സമയക്രമം പാലിക്കാൻ കഴിയുന്നില്ലെങ്കിൽ അക്കാര്യം സർക്കാരിൽ ഒരാഴ്ചയ്ക്കകം അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. എ. ജയമാധവൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.പി. പ്രേംശങ്കർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ